പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *10 28.06.2016 - ൽ മറുപടിയ്ക്ക്

# മരുന്ന് വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ . ജി . എസ് . ജയലാൽ :<br>ശ്രീ. സി . ദിവാകരൻ :<br>ശ്രീ. എൽദോ എബ്രഹാം :<br>ശ്രീ. വി .ആർ . സുനിൽ കുമാർ : | ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നുകൾ എത്തിക്കുന്നതിലും വിതരണം ചെയ്യുന്നതിലും ഗുരുതരമായ വീഴ്ചകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിനായി ഇപ്പോൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ; | (എ) ഈ ഗവൺമെന്റ് വന്നതിനുശേഷം മരുന്നു വിതരണത്തിൽ ഗുരുതരമായ വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി നടപടി സ്വീകരിച്ചു വരുന്നു.<br>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അവശ്യ മരുന്നു പട്ടികയിൽ ഉൾപ്പെട്ട 585 എണ്ണം മരുന്നുകളിൽ വിതരണക്കാരെ ലഭിച്ച 512 എണ്ണം മരുന്നുകൾ ആശുപത്രികളിലൂടെ ഇന്റന്റിനനുസൃതമായി വിതരണം ചെയ്തു വരികയാണ്. ദർഘാസ് നിബന്ധനകൾക്കനുസൃതമായി 73 ഇനം മരുന്നുകൾ വിതരണം ചെയ്യാൻ വിതരണക്കാരെ ലഭിക്കാതെ നോ ബിഡ്സ്റ്ററായി നിലനിൽക്കുന്നു. ടി മരുന്നുകളുടെ പുന ദർഘാസ് നടപടികൾ നടന്നുവരികയാണ്. ഇവയ്ക്ക് വിതരണക്കാരെ ലഭിക്കുന്ന പക്ഷം ടി ഇനങ്ങൾ എത്രയും പെട്ടെന്ന് ആശുപത്രികൾക്ക് വിതരണം ചെയ്യുന്നതാണ്. ജീവൻ രക്ഷാ മരുന്നുകളും മാനസികാരോഗ്യ ചികിത്സയ്ക്ക് ഉപയോഗിച്ചു വരുന്ന മരുന്നുകളിൽ നോ ബിഡ്സ്റ്ററായി നിലനിൽക്കുന്ന ഇനങ്ങളും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി സൗജന്യമായി ആശുപത്രികൾക്ക് നൽകാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |
| (ബി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി മരുന്നു വാങ്ങിയതുമായി ബന്ധപ്പെട്ട് കമ്പനികൾക്ക് കുടിശ്ശിക നല്കാനുണ്ടോ; എങ്കിൽ എത്ര തുക | (ബി) ഉണ്ട്. 2015 - 2016 സാമ്പത്തിക വർഷത്തിൽ മരുന്നുവിതരണത്തിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് കമ്പനികൾക്ക് ഓർഡർ നൽകി വാങ്ങിയ മരുന്നുകളിൽ ബാക്കി 22.16 കോടി രൂപ കമ്പനികൾക്ക് കൊടുക്കാനുണ്ട്. |

| | |
|---|---|
| കുടിശ്ശികയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | 2016 - 17 സാമ്പത്തിക വർഷത്തിൽ 21.06.2016 വരെ കോർപ്പറേഷൻ മരുന്നുകൾ വാങ്ങി സംഭരിച്ച വകയിൽ മരുന്ന് കമ്പനികൾക്ക് 71.76 കോടി രൂപ നൽകാനുമുണ്ട്. അങ്ങനെ മരുന്നു വാങ്ങിയ ഇനത്തിൽ 21.06.2016 വരെ ആകെ 93.92 കോടി രൂപ കമ്പനികൾക്ക് നൽകാനുണ്ട്. |
| (സി) സംസ്ഥാനത്ത് എത്ര കാരുണ്യ ഫാർമസികളാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്; കൂടുതൽ കാരുണ്യ ഫാർമസികൾ സ്ഥാപിക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) കേരളത്തിൽ സർക്കാർ ആശുപത്രികളോടനുബന്ധിച്ച് 46 ഉം ശബരിമലയിൽ സീസണലായി രണ്ടും, കാരുണ്യ ഔട്ട് ലെറ്റുകളും തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ 4 ഡിപ്പോകളും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിവിഷനു കീഴിൽ പ്രവർത്തിച്ചു വരുന്നു.<br>ചേർത്തല താലൂക്ക് ആശുപത്രി, ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ സർക്കാർ ഉത്തരവനുസരിച്ച് പുതിയ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. 13.06.2016 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ)1632/2016/ആകുവ അനുസരിച്ച് തലശ്ശേരി ജനറൽ ആശുപത്രിയിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സാധാരണക്കാരന് പൊതുവിപണിയിൽ മരുന്നു കമ്പനികളിൽ നിന്നുണ്ടാകുന്ന ചൂഷണത്തിൽ നിന്ന് ഒരു പരിധിവരെ രക്ഷ നേടാൻ ഉതകുന്ന സംരംഭമെന്ന നിലയ്ക്ക് കൂടുതൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ സംസ്ഥാനത്തുടനീളം തുടങ്ങുന്നതിന് തുടർ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.